# പതിനാലാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം 15.05.2017 -ൽ മറുപടിക്ക്
നം. T 3856

### ഒരു വർഷം പ്രാബല്യമുള്ള ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് നടപടി

#### ചോദ്യം

**ശ്രീ.എസ്. ശർമ്മ**

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് നൽകുമ്പോൾ എന്ത് ആവശ്യത്തിനെന്നും എവിടെ സമർപ്പിക്കാനെന്നും രേഖപ്പെടുത്തുന്നതുമൂലം സർട്ടിഫിക്കറ്റ് ആവശ്യമായിവരുന്ന ഓരോ ഘട്ടത്തിലും അപേക്ഷ നൽകി. കാത്തിരിക്കേണ്ടതായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉദ്യോഗസ്ഥർക്കും അപേക്ഷകർക്കും ഒരുപോലെ ബുദ്ധിമുട്ട് ഉണ്ടാക്കുന്ന ഈ സ്ഥിതി ഒഴിവാക്കാനായി ഒരു വർഷക്കാലം പ്രാബല്യമുള്ളതും പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഓരോ കുടുംബത്തിലെയും മുഴുവൻ അംഗങ്ങളുടെയും പേര് രേഖപ്പെടുത്തിക്കൊണ്ടുള്ളതുമായ ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

#### ഉത്തരം

**ശ്രീ.ഇ.ചന്ദ്രശേഖരൻ**
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

(എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്. നിലവിൽ ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് പ്രത്യേക ആവശ്യത്തിനായാണ്. ആയതിനാൽ ഏത് ആവശ്യത്തിനാണെന്നും, എവിടെ സമർപ്പിക്കുവാനാണെന്നും രേഖപ്പെടുത്തി മാത്രമേ ജാതിസർട്ടിഫിക്കറ്റ് നൽകാനാവൂ.

(ബി) പരിവർത്തിത ക്രൈസ്തവരുടെ ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് ഒരു വർഷമായും മറ്റ് വിഭാഗങ്ങളുടെ ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് മൂന്ന് വർഷമായും നിശ്ചയിക്കുന്നതിന് റവന്യൂ, പട്ടികജാതി പട്ടികവർഗ്ഗ വികസന & പിന്നോക്ക സമുദായ വികസന വകുപ്പുകളുടെ സംയുക്ത യോഗത്തിൽ തീരുമാനി ച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകളിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച കാര്യങ്ങളിൽ നടപടി സ്വീകരിച്ചു വരുന്നു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട ഓരോ കുടുംബത്തിലേയും മുഴുവൻ അംഗങ്ങളുടെയും പേര് രേഖപ്പെടുത്തിക്കൊണ്ടുള്ള ജാതിസർട്ടിഫിക്കറ്റ് നൽകുന്ന വിഷയം നാളിതുവരെ സർക്കാരിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ